# തെങ്ങിൻമുകളിലേറിയ നിശ്ശബ്ദ വിപ്ലവം

**പി.പി. പ്രശാന്ത്**

തെങ്ങ് വൃത്തിയാക്കാനും തേങ്ങയിടാനും ബൈക്കിലെത്തുന്ന കോട്ടയം ഉഴവൂർ സ്വദേശികളായ മഞ്ജു-പ്രദീപ് ദമ്പതികൾ നാട്ടുകാർക്ക് പുതുകാഴ്ചയല്ല. അതുപോലെത്തന്നെയാണ് ഇടുക്കിയിലെ മാത്യു-ലിൻസി ദമ്പതികൾ. ഇവർ സമ്പാദിക്കുന്നത് പ്രതിദിനം 3000ത്തോളം രൂപ.

എന്തിനും അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിക്കുന്ന മലയാളികൾ മറിച്ചുചിന്തിക്കാൻ തുടങ്ങിയോ എന്ന ചിന്ത വരുക സ്വാഭാവികം. ഒന്നറിയുക, നമ്മളും തെങ്ങുകയറിത്തുടങ്ങിയിരിക്കുന്നു. വിദ്യാർഥികളും പാരലൽ കോളജ് അധ്യാപകരുമൊക്കെ തെങ്ങുകയറൽ യന്ത്രവുമായി ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു. കേരളത്തിൽ തെങ്ങുകയറ്റത്തിൽ പരിശീലനം നേടിയ 16,000 പേരിൽ ചിലർ മാത്രമാണ് ഇവർ. ഗ്രൂപ്പായും ഒറ്റയ്ക്കും നമ്മുടെ ജില്ലകളിൽ ഫോൺവിളിക്കപ്പുറത്ത് തെങ്ങുകയറാൻ സജ്ജരായിരിക്കുന്ന നിരയുണ്ടെന്നറിയുക. പരമ്പരാഗത തെങ്ങുകയറ്റ തൊഴിലാളികൾ രംഗംവിട്ടതോടെയുണ്ടായ പ്രതിസന്ധിക്ക് പരിഹാരമെന്ന നിലക്ക് 2011 ആഗസ്റ്റ് 17നാണ് നാളികേര വികസന ബോർഡ് 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പദ്ധതിക്ക് തുടക്കമിട്ടത്. തെങ്ങുകയറാൻ സന്നദ്ധരായ യുവതീയുവാക്കൾക്ക് യന്ത്രസഹായത്താൽ കയറാൻ പരിശീലനം നൽകി തൊഴിലിന് സജ്ജമാക്കുകയാണ് ലക്ഷ്യം. മലയാളികൾ തെങ്ങുകയറുമോയെന്ന് പുച്ഛിച്ചുതള്ളിയവർ പിന്നീട് പദ്ധതിയുടെ വിജയംകണ്ട് അന്തിച്ചുനിന്നുപോയി. കാസർകോട്-935, കണ്ണൂർ -1468, വയനാട് -110, കോഴിക്കോട് -1570, മലപ്പുറം-1114, പാലക്കാട് -1639, തൃശൂർ -1256, എറണാകുളം -1007, ആലപ്പുഴ-1031, കോട്ടയം -902, ഇടുക്കി-1305, പത്തനംതിട്ട -503, കൊല്ലം -1232, തിരുവനന്തപുരം-1739 എന്നിങ്ങനെയാണ് പരിശീലനം ലഭിച്ചവരുടെ കണക്ക്. ഇവരിൽ 1050ലേറെ വനിതാ ചങ്ങാതിമാരാണ്. തെങ്ങുകയറാൻ ആവശ്യമുള്ളവർ ജില്ലകളിൽ പരിശീലനം ലഭിച്ചവരെ ബന്ധപ്പെടേണ്ട നമ്പറുകൾ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

18 കോടി തെങ്ങുകളുള്ള കേരളത്തിൽ 45 ദിവസത്തിലൊരിക്കൽ തെങ്ങിന്റെ വിളവെടുപ്പ് നടത്തണമെങ്കിൽ ഏകദേശം 60,000 പേർ വേണ്ടിവരും. നിലവിൽ പരിശീലനം നേടിയവർ ആവശ്യമുള്ളവരിൽ മൂന്നിലൊന്നേ ആയിട്ടുള്ളൂ. പദ്ധതി തദ്ദേശ സ്ഥാപനങ്ങൾ വഴി ഏറ്റെടുപ്പിക്കാനുള്ള നടപടിയിലാണെന്ന് നാളികേര വികസന ബോർഡ് അധികൃതർ വ്യക്തമാക്കുന്നു.

## പരിശീലനം

18 മുതൽ 40 വയസ്സുവരെ പ്രായമുള്ള പൂർണ ആരോഗ്യവാന്മാരായ, അംഗവൈകല്യമില്ലാത്ത യുവജനങ്ങൾക്കാണ് പരിശീലനം. കുറഞ്ഞത് ഏഴാംക്ലാസ് വിദ്യാഭ്യാസ യോഗ്യത. ഒരു ബാച്ചിൽ 20 പേർക്ക് താമസിച്ചുള്ള പരിശീലനമാണ് നൽകുന്നത്. ആറു ദിവസം നീളുന്നതാണ് പരിപാടി. 900 രൂപ പരിശീലനവേളയിൽ സ്റ്റൈപൻഡ് ലഭിക്കും. ഒരുലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷയും പരിശീലനാർഥികൾക്കുണ്ട്. പരിശീലനം വിജയകരമായി പൂർത്തീകരിച്ചാൽ തെങ്ങുകയറ്റത്തിൽ വൈദഗ്ധ്യം രേഖപ്പെടുത്തിയ പ്രമാണപത്രവും സൗജന്യമായി തെങ്ങുകയറ്റ യന്ത്രവും ലഭിക്കും.

പൊതുമേഖലാ സ്ഥാപനങ്ങളായ കെയ്കോയും റെയ്ഡ്കോയും വഴിയാണ് തെങ്ങുകയറ്റ യന്ത്രം വിതരണം ചെയ്യുന്നത്. ഓരോ ജില്ലയിലെയും കൃഷിവിജ്ഞാന കേന്ദ്രങ്ങളുമായി ചേർന്ന് തെങ്ങുകയറ്റത്തിലും തെങ്ങിന്റെ മണ്ട വൃത്തിയാക്കി കീട-രോഗ നിയന്ത്രണമാർഗങ്ങൾ അനുവർത്തിക്കുന്നതിലും ചങ്ങാതിക്കൂട്ടങ്ങൾക്ക് ഒരാഴ്ച നീളുന്ന സമഗ്ര പരിശീലനം നൽകിവരുന്നു.

●



## പാം ക്ലൈംബർ

തെങ്ങു കയറാനുപയോഗിക്കുന്ന യന്ത്രമാണ് പാം ക്ലൈംബർ. 110 സെ.മീ. നീളവും 8.6 കിലോ ഭാരവുമുള്ള യന്ത്രത്തിന് രണ്ടു ഭാഗങ്ങളുണ്ട്. രണ്ട് ഫ്രെയ്മുകൾ. ഇടത്തും വലത്തും. രണ്ടിലും ഉരുക്കുകയറുകൾ. ഇതാണ് തെങ്ങിൽ ബന്ധിപ്പിക്കുന്നത്. ഗ്രിപ്പിന് റബർപാഡുമുണ്ട്. കൈകളും കാലുകളും ഉപയോഗിച്ച് ഫ്രെയ്മുകൾ ഇടവിട്ട് മുകളിലേക്ക് വലിച്ചുയർത്തി അതിൽ കാലുകൾ ഉറപ്പിച്ച് തെങ്ങിൽ കയറാൻ സാധിക്കണം. തെങ്ങിൽ ചുറ്റുന്ന ഉരുക്കുകയർ അയക്കാനും മുറുക്കാനുമുള്ള പരിശീലനം ഉപയോഗിക്കുന്ന വ്യക്തിക്ക് ഉണ്ടാകണം.

7000 തെങ്ങുകളിൽ ഉപയോഗിച്ച ശേഷം ഇത് അറ്റകുറ്റപ്പണി ചെയ്യണം. 10 ലക്ഷം തെങ്ങിൽ കയറിയാൽ ഇത് മാറ്റണം. എത്ര ഉയരത്തിലുള്ള തെങ്ങായാലും മിനിറ്റുകൾക്കുള്ളിൽ യന്ത്രം ഉപയോഗിച്ച് മുകളിലെത്താം.